ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.01.2025**

## പ്രധാനവാർത്തകൾ

1. യുവജനങ്ങളുടെ ശക്തിയാൽ ഇന്ത്യ വികസിത രാഷ്ട്രമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത് ഭാരത് യുവ നേതൃ സംഗമത്തിൽ മൂവായിരത്തോളം യുവാക്കളുമായി പ്രധാനമന്ത്രി സംവദിച്ചു.

2. തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ്ഓഫ് ചെയ്യും.

3. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പിന് നാളെ തിരശ്ശീല വീഴും.

4. മകരസംക്രമ പൂജയ്ക്കായുള്ള തിരുവാഭരണ ഘോഷയാത്ര പന്തളത്ത് നിന്ന് പുറപ്പെട്ടു. മകരവിളക്ക് മറ്റെന്നാൾ.

5. വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ അയർലൻഡിന് 371 റൺസ് വിജയലക്ഷ്യം.

RNU TVPM

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി- ജംഷഡ്പൂർ പോരാട്ടം.

&&&&&&&&&&&&&&&&

## പ്രധാനമന്ത്രി- യുവനേതൃസംവാദം

യുവജനങ്ങളുടെ കരുത്ത്, ഇന്ത്യയെ വൈകാതെ തന്നെ വികസിത രാഷ്ട്രം ആക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വികസിത് ഭാരത് യുവ നേതൃസംവാദത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പൗരന്മാരുടെ സജീവപങ്കാളിത്തവും കൂട്ടായ പരിശ്രമവും ആവശ്യമാണ്. സാമ്പത്തികമായും, തന്ത്രപരമായും, സാമൂഹികമായും, സാംസ്കാരികമായും ശാക്തീകരിക്കപ്പെട്ടതായിരിക്കും വികസിത ഭാരതം. ഇന്ത്യൻ യുവാക്കളുടെ കഴിവുകളെ ലോകം മുഴുവൻ അഭിനന്ദിക്കുന്നു. നിരവധി മേഖലകളിൽ, ഇന്ത്യ സ്വന്തം ലക്ഷ്യങ്ങൾ സമയത്തിന് മുമ്പേ തന്നെ കൈവരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. (ഹോൾഡ് വോയിസ് - പ്രധാനമന്ത്രി)

RNUTVPM

&&&&&&&&&&&&&&&&

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ മൊബൈൽ ഔട്ട്ബ്രേക്ക് പരിശോധന യൂണിറ്റ് നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഫ്ലാഗ്ഓഫ് ചെയ്യും. സാമ്പിൾ ശേഖരണത്തിന് ആവശ്യമായ ഉപകരണങ്ങളും അവ കൈകാര്യം ചെയ്യാൻ വിദഗ്ധ സംഘവും യൂണിറ്റിന്റെ ഭാഗമാണ്. പകർച്ചവ്യാധികൾ ഉണ്ടാകുമ്പോൾ രോഗബാധിത സ്ഥലങ്ങളിൽ നിന്ന്

സാമ്പിൾ ശേഖരണം ക്രമീകരിക്കുന്നതിനും അവ പരിശോധനാ സൗകര്യത്തിലേക്ക് മാറ്റുന്നതിനും യൂണിറ്റ് സഹായകരമാകും.

&&&&&&&&&&&&&&&&

## ജോർജ് കുര്യൻ- ഉദ്ഘാടനം

കോഴിക്കോട് വാഴയൂർ ഗ്രാമപഞ്ചായത്തിലെ കുറ്റൂളങ്ങാടിയിൽ പുതിയ അങ്കണവാടി കെട്ടിടം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്തു. 45 വർഷത്തോളമായി താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അങ്കണവാടിക്കാണ് ഇപ്പോൾ സ്വന്തം കെട്ടിടം പണികഴിപ്പിച്ചിരിക്കുന്നത്. ജനകീയ സമിതിയിലൂടെ സമാഹരിച്ച ഫണ്ടും ഗ്രാമപഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചാണ് അങ്കണവാടിക്കായി സ്ഥലം വാങ്ങിയത്. ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചത്.

RNU TVPM

&&&&&&&&&&&&&&&&

## ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്

രണ്ടു ദിവസത്തെ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കോൺക്ലേവിന് മറ്റന്നാൾ എറണാകുളം കുസാറ്റിൽ തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാൻ നവീനമാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നതവിദ്യാഭ്യാസ ഹബ്ബായി മാറുന്നതിന് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ കോൺക്ലേവ് ചർച്ച ചെയ്യും. കോൺക്ലേവിന് മുന്നോടിയായി നാളെ എറണാകുളം രാജഗിരി കോളേജിൽ ശില്പശാല സംഘടിപ്പിക്കും.

&&&&&&&&&&&&&&&&

## നിയമസഭ പുസ്തകോത്സവം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പ് നാളെ തിരുവനന്തപുരത്ത് സമാപിക്കും. സമാപന സമ്മേളനം ചലച്ചിത്ര താരം പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും. ശ്രീലങ്കൻ സാഹിത്യകാരി വി വി പദ്മസീലി ചടങ്ങിൽ മുഖ്യാതിഥിയാകും. സമാപന സമ്മേളനത്തിൽ നടൻ ഇന്ദ്രൻസിനെ ആദരിക്കും. 150 ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ

പുസ്തകോത്സവത്തിൻറെ ഭാഗമായി.

&&&&&&&&&&&&&&&&

## മോഡൽ പാർലമെന്റ്

പാർലമെൻററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മോഡൽ പാർലമെൻറും സംസ്ഥാന തല ബെസ്റ്റ് പാർലമെൻറേറിയൻ ക്യാമ്പും നാളെ ആരംഭിക്കും. തിരുവനന്തപുരത്ത് നടക്കുന്ന ക്യാമ്പിൽ സ്കൂളുകളിലും കോളേജുകളിലും നടത്തിയ മത്സരങ്ങളിലെ വിജയികൾ പങ്കെടുക്കും. പരിപാടിയുടെ ഭാഗമായി നടക്കുന്ന അനുമോദന സമ്മേളനം മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. ക്യാമ്പ് 15ന് വൈകിട്ട് സമാപിക്കും.

RNUTVPM

&&&&&&&&&&&&&&&&

## റൺവേ - നവീകരണ പദ്ധതി

തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേയുടെ നവീകരണ പ്രവർത്തികൾ നടക്കുന്നതിനാൽ മറ്റന്നാൾ മുതൽ പകൽ സമയം റൺവേ അടച്ചിടും.

രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് റൺവേ അടച്ചിടുക. മാർച്ച് 29 വരെയാണ് റീ കാർപെറ്റിങ് അടക്കമുള്ള നവീകരണം നടക്കുന്നത്. വിമാന സർവീസുകളുടെ പുതിയ സമയക്രമം അതത് വിമാന കമ്പനികളിൽ ലഭ്യമാകും.

&&&&&&&&&&&&&&&&

## പെട്രോൾ പമ്പ്

സംസ്ഥാന വ്യാപകമായി നാളെ പെട്രോൾ പമ്പുകൾ അടച്ചിടുമെന്ന് പെട്രോളിയം ഡീലേഴ്സ് അസോസിയേഷൻ. വിവിധ ഗോഡൗണുകളിൽ അനധികൃതമായി പെട്രോളിയം ഉല്പന്നങ്ങൾ സൂക്ഷിക്കുന്ന സംഭവങ്ങളിൽ നടപടി ആവശ്യപ്പെട്ടും കോഴിക്കോട് HPCL ഓഫീസിൽ ചർച്ചക്കെത്തിയ അസോസിയേഷൻ നേതാക്കൾക്ക് മർദനമേറ്റതിൽ പ്രതിഷേധിച്ചുമാണ് സമരം. നാളെ രാവിലെ ആറ് മുതൽ ഉച്ചക്ക് 12 വരെയാണ് പമ്പുകൾ അടച്ചിടുക.

RNU TVPM

&&&&&&&&&&&&&&&&

## ശബരിമല (ഇൻട്രോ)

മകരസംക്രമ പൂജയ്ക്കൊരുങ്ങി ശബരിമല.

പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്നു പുറപ്പെട്ട തിരുവാഭരണ ഘോഷയാത്ര മകരവിളക്ക് ദിനമായ മറ്റന്നാൾ വൈകിട്ടു സന്നിധാനത്തെത്തും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി എസ് ശ്രീധർ............**

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&&&

മൈക്രോബയോളജി ലാബ്

സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ദേശീയ നിലവാരത്തിലുള്ള മൈക്രോബയോളജി ലാബിൻറെ ഉദ്ഘാടനം ബുധനാഴ്ച്ച മന്ത്രി വീണാ ജോർജ് നിർവഹിക്കും. തിരുവനന്തപുരം ഗവ. അനലിസ്റ്റ് ലബോറട്ടറിയിലാണ് ലാബ് സജ്ജീകരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&

കാലാവസ്ഥാ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്ന് മുതൽ വ്യാഴാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

RNUTVPM

&&&&&&&&&&&&&&&&

കാസർഗോഡ് -ഇൻട്രോ

സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളിലേക്കും സ്പോർട്സ് കൗൺസിലിനു കീഴിലെ അക്കാദമികളിലേക്കുമുള്ള സെലക്ഷൻ ഈമാസം 18 ന് കാസർഗോഡ് ഇ എം എസ്സ് സ്റ്റേഡിയത്തിൽ നടക്കും .

**വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ...**

(വോയിസ്)

&&&&&&&&&&&&&&&&

## ഐഎസ്എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി ജംഷഡ്പൂരിനെ നേരിടും. രാത്രി 7.30 ന് മുംബൈയിലാണ് മത്സരം. 13 കളികളിൽ നിന്ന് 24 പോയിൻറുമായി നിലവിൽ പട്ടികയിൽ നാലാമതാണ് ജംഷഡ്പൂർ.

&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഇന്ത്യ - അയർലൻഡ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ അയർലൻഡിന് 371 റൺസ് വിജയലക്ഷ്യം . ഇന്ത്യക്കുവേണ്ടി ജെമീമ റോഡ്രിഗസ് സെഞ്ച്വറി നേടി .

&&&&&&&&&&&&&&&&

## തൃശൂർ പീച്ചി ഡാം - അപകടം

RNUTVPM

തൃശൂർ പീച്ചി ഡാം റിസർവോയറിൽ കുളിക്കാനിറങ്ങിയ 4 വിദ്യാർത്ഥിനികൾ അപകടത്തിൽപ്പെട്ടു. 4 പേരെയും നാട്ടുകാർ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റി. മൂന്നുപേരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്

&&&&&&&&&&&&&&&&

## കണ്ണൂർ- കാണാതായ യുവതി

കണ്ണൂർ കണ്ണവം വനത്തിൽ കാണാതായെന്ന് സംശയിക്കുന്ന യുവതിക്കായി ഇന്ന് വിവിധ സംഘടനകളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ തിരച്ചിൽ നടത്തി. 10 ദിവസം മുമ്പാണ്

വിറക് ശേഖരിക്കാൻ പോയ സിന്ധുവിനെ കാണാതായത്. പോലീസും വനം വകുപ്പും ഡോഗ്സ്ക്വാഡും തണ്ടർബോൾട്ടും നാട്ടുകാരും കഴിഞ്ഞ ദിവസങ്ങളിലും വ്യാപക തിരച്ചിൽ നടത്തിയിരുന്നു. ഡ്രോൺ ക്യാമറ ഉപയോഗിച്ചും പരിശോധന നടത്തി .

&&&&&&&&&&&&&&&&

## കണ്ണൂർ -അപകടം

കണ്ണൂർ പയ്യന്നൂരിൽ നിയന്ത്രണംവിട്ട സ്വകാര്യ ബസ് കടയിലേക്ക് ഇടിച്ചു കയറി. പയ്യന്നൂരിൽ നിന്ന് പുളിങ്ങോത്ത് പോവുകയായിരുന്നു ബസ് ആണ് വൈദ്യുതി തൂണിടിച്ച ശേഷം കടയിലേക്ക് ഇടിച്ചു കയറിയത്. സംഭവത്തിൽ നിരവധി യാത്രക്കാർക്ക് പരിക്കേറ്റു.

RNUTVPM

&&&&&&&&&&&&&&&&

## സി.പി.ഐ-എം. ആലപ്പുഴ

സി.പി.ഐ-എം ആലപ്പുഴ ജില്ലാ സെക്രട്ടറിയായി ആർ. നാസർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. 46 അംഗ ജില്ലാകമ്മറ്റിയെയും സമ്മേളനം തിരഞ്ഞെടുത്തു. എം.എൽ.എ.മാരായ യു. പ്രതിഭ, എം.എസ്. അരുൺകുമാർ, ഏരിയ സെക്രട്ടറിമാരായ പി. രഘുനാഥ്, അജയ് സുധീന്ദ്രൻ എന്നിവരെ പുതുതായി കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

&&&&&&&&&&&&&&&&

## കെ സുരേന്ദ്രൻ.

എൽഡിഎഫിന്റെയും യുഡിഎഫിന്റെയും പ്രധാന നേതാക്കൾ കാലാകാലങ്ങളായി സിഎംആർഎല്ലിൽ നിന്നും

കോടിക്കണക്കിന് രൂപ മാസപ്പടി വാങ്ങുന്നുണ്ടെന്നു ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. കോഴിക്കോട് ബാലുശ്ശേരിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&

RNU TVPM